GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭ / മുൻസിപ്പൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ - അപാകതകൾ പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്)നം.226/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 20/06/2013

പരാമർശം :
1. സ.ഉ.(എം.എസ്) നമ്പർ 200/2011/തസ്വഭവ തീയതി 25.8.2011.
2. സ.ഉ.(എം.എസ്) നം. 241/2012/തസ്വഭവ തീയതി 22/9/2012.
3. 9/12/2011 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്

<u>ഉത്തരവ്</u>

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരാമർശം ഒന്നാമതായി സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ മേഖലയിലെ വിവിധ സർവ്വീസ് സംഘടനകൾ സർക്കാരിനു മുമ്പാകെ നിവേദനങ്ങൾ സമർപ്പിച്ചു. ആയത് സംബന്ധിച്ച 9/12/2011 ൽ ബന്ധപ്പെട്ട സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയും ചർച്ചയിൽ ചൂണ്ടികാണിച്ച അപാകതകൾ സർക്കാർ വിശദമായി പരിശോധിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ഉത്തരവിന്മേൽ താഴെ പറയുന്ന തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

<u>XV(i) തയ്യൽക്കൂലി</u> - ചുവടെചേർക്കും പ്രകാരം ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ കണ്ടിജന്റ് ജീവനക്കാർക്ക് തയ്യൽക്കൂലി അനുവദിക്കുന്നു.

| | |
|---|---|
| ബ്ലൗസ് ഒന്നിന് | - 75 രൂപ |
| ഷർട്ട് ഒന്നിന് | - 125 രൂപ |
| ട്രൗസർ ഒന്നിന് | - 200 രൂപ |

XV (ii) വാഷിങ്ങ് അലവൻസ് - ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പ്രതിമാസം 100 രൂപ നിരക്കിൽ വാഷിങ്ങ് അലവൻസ് അനുവദിക്കുന്നു.

ഈ ഉത്തരവ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ആതാത് നഗരസഭ/മുൻസിപ്പാലിറ്റികളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ഡോ.രാജൻ ഖോബ്രഗഡേ
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ,
കൊല്ലം/കൊച്ചി/കോഴിക്കോട്
എല്ലാ നഗരസഭാ ചെയർമാൻമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**